## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1754          18.06.2012 ലെ മറുപടിയ്ക്ക്

### കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും രോഗികൾക്ക് ധനസഹായം

ചോദ്യം
ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ ധനസഹായത്തിനുള്ള അപേക്ഷ നൽകി കാത്തിരിക്കുന്ന രോഗികൾക്ക് ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയ ആവശ്യമായി വന്നാൽ ധനസഹായം ഉടനടി നൽകുമോ ; വിശദമാക്കുമോ ; | (എ) | ഈ നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായത്തിനായി അപേക്ഷ നൽകുന്ന രോഗികൾക്ക് കുറഞ്ഞതും കൂടിയതുമായ എത്ര തുക അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും നിലവിൽ എന്ത് തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഇപ്പോൾ ഉണ്ട് എന്നും വ്യക്തമാക്കുമോ ? | (ബി) | കാരുണ്യ ചികിത്സാ പദ്ധതിപ്രകാരം സാധാരണ രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായി 3000/- രൂപ വരെയും നിശ്ചിത രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായി പരമാവധി രണ്ട് ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്. കാരുണ്യ ലോട്ടറിയിലൂടെ ഇതുവരെ 55 കോടി രൂപ , ലാഭം ഉണ്ടായിട്ടുണ്ട്. ഇതിൽ നിന്നും 15 കോടി 75 ലക്ഷം രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് അനുവദിക്കുകയും അതിൽ 8,63,47,597/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 14-06-12ലെ കണക്കുപ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ടിൽ 7,11,52,403/- രൂപ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ